# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 14 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 1

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

### സംഗീതജ്ഞൻ ഗംഗൈഅമരന് ഹരിവരാസനം പുരസ്കാരം സമ്മാനിച്ചു

ഭക്തിയും സംഗീതവും ഒന്നു ചേർന്ന സുന്ദര മുഹൂർത്തത്തിൽ പ്രശസ്ത സംഗീതജ്ഞൻ ഗംഗൈഅമരന് ഹരിവരാസനം പുരസ്കാരം സമ്മാനിച്ചു. സന്നിധാനം അയ്യപ്പ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രനാണ് പുരസ്കാരം നൽകിയത്. അയ്യപ്പന് അർച്ചനയായി സംഗീതാഭിഷേകം നടത്തിക്കൊണ്ടാണ് ഗംഗൈ അമരൻ പുരസ്കാരം ഏറ്റുവാങ്ങിയത്.

അയ്യപ്പൻ നൽകിയ ഭിക്ഷയാണ് ഈ പുരസ്കാരവും തന്റെ സംഗീതവുമെന്ന് അദ്ദേഹം പറഞ്ഞു. ഇത്രയും സന്തോഷം നിറഞ്ഞ മറ്റൊരു മുഹൂർത്തം ജീവിതത്തിലുണ്ടായിട്ടില്ല. നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിലും ഹരിവരാസനം പോലെ പുണ്യമുള്ള മറ്റൊരു അവാർഡ് വാങ്ങാൻ അവസരം ഉണ്ടായിട്ടില്ല. യേശുദാസിനും ഉണ്ണികൃഷ്ണനുമൊപ്പമാണ് വർഷങ്ങൾക്ക് മുൻപ് ആദ്യമായി ശബരിമലയിലെത്തിയത്. ഓരോ തവണ അയ്യപ്പനെ തൊഴുത് മലയിറങ്ങുമ്പോഴും ജീവിതത്തിൽ ഒരു ഭാഗ്യം കാത്തിരുന്നിട്ടുണ്ട്. ആദ്യത്തെ തവണ മലയിറങ്ങി പമ്പയിലെത്തിയപ്പോഴാണ് സഹോദരൻ ഇളയരാജയ്ക്ക് ആദ്യമായി സിനിമയ്ക്ക് സംഗീത സംവിധാനം ചെയ്യാൻ അവസരം ലഭിച്ച വിവരം അറിയുന്നത്. രണ്ടാമത്തെ തവണ താനിക്ക് ചലച്ചിത്ര ഗാനരചന നടത്താനുള്ള അവസരം ലഭിച്ചു. അങ്ങനെയുണ്ടായതാണ് സിന്ദൂരപ്പൂവേ... എന്ന ഹിറ്റ് ഗാനം. മൂന്നാം തവണ സിന്ദൂരപ്പൂവേ എന്ന ഗാനത്തിന് ദേശീയ പുരസ്കാരം ലഭിച്ചു. എല്ലാ സംഗീതത്തിലും ഒരു ദൈവസ്പർശമുണ്ട്. ഇത്തവണ അയ്യപ്പനെ തൊഴുതിറങ്ങിയപ്പോൾ പുതിയ ഒരു ഗാനത്തിന്റെ വരികളാണ് മനസിൽ നിറഞ്ഞതെന്ന് ഗംഗൈ അമരൻ പറഞ്ഞു.

''എല്ലാരുമേ സ്വാമി താനേ...
നാമയെല്ലാരുക്കുമൊരു ഭൂമി താനേ...
ഒരേയൊരു ജ്യോതി താനേ...
നാമയെല്ലാം മനുഷ്യജാതി താനേ...'' അദ്ദേഹം പാടിയപ്പോൾ സന്നിധാനത്ത് തിങ്ങിനിറഞ്ഞ തീർത്ഥാടകർ ഏറ്റുപാടി. ചടങ്ങിൽ സംബന്ധിച്ച നടൻ ജയറാമിനൊപ്പം കാനനവാസാ കലിയുഗവരദാ... എന്ന ഗാനം ആലപിച്ചത് വ്യത്യസ്ത അനുഭവമായി. തമിഴിലും മലയാളത്തിലും നിരവധി അയ്യപ്പ ഭക്തിഗാനങ്ങൾ അദ്ദേഹം ഭക്തർക്കായി ആലപിച്ചു. അടുത്ത വർഷം ഹരിവരാസനം പുരസ്കാരം നൽകുന്ന ദിവസം തന്റെ സംഗീത സംഘത്തോടൊപ്പം എത്തി നിരവധി പാട്ടുകൾ സന്നിധാനത്ത് പാടുമെന്ന് തീർത്ഥാടകർക്ക് ഉറപ്പ് നൽകിയാണ് അദ്ദേഹം മടങ്ങിയത്.

ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു. രാജു എബ്രഹാം എം.

എൽ. എ അധ്യക്ഷത വഹിച്ചു. ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, ദേവസ്വം വകുപ്പ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ, ജസ്റ്റിസ് അരിജിത്ത് പസായത്ത്, ജില്ലാ കളക്ടർ ആർ. ഗിരിജ, സ്പെഷ്യൽ കമ്മീഷണർ മനോജ്, ദേവസ്വം കമ്മീഷണർ സി. പി. രാമരാജ പ്രേമപ്രസാദ്, നടൻ ജയറാം, ദേവസ്വം അംഗങ്ങളായ അജയ് തറയിൽ, കെ. രാഘവൻ തുടങ്ങിയവർ സംബന്ധിച്ചു.

## ശബരിമല വികസനത്തിന് കൂടുതൽ വനഭൂമി ആവശ്യമാണ്: മന്ത്രി കടകംപള്ളി സുരേന്ദ്രൻ

ശബരിമല വികസനത്തിന് കൂടുതൽ വനഭൂമി ലഭിക്കേണ്ടത് ആവശ്യമാണെന്ന് ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. സന്നിധാനത്ത് ഹരിവരാസന പുരസ്കാര സമർപ്പണ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എന്നാൽ കേന്ദ്ര വനനിയമം ഇതിന് തടസമായി നിൽക്കുന്നു. വനഭൂമി വിട്ടുകിട്ടിയാൽ മാത്രമേ ഉദ്ദേശിക്കുന്ന രീതിയിൽ ശബരിമലയിൽ വികസനം പൂർത്തിയാക്കാനാവൂ. കഴിഞ്ഞ ദിവസം എം.പിമാരുമായി മുഖ്യമന്ത്രി നടത്തിയ യോഗത്തിൽ വനഭൂമി ലഭിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ സഹായം തേടിയിട്ടുണ്ട്. ശബരിമലയുടെയും പമ്പയുടെയും വികസനത്തിന് 300 കോടി രൂപയുടെ പദ്ധതിയാണ് കിഫ്ബിക്ക് മുന്നിൽ സമർപ്പിച്ചിട്ടുള്ളത്. ഇതിന് അംഗീകാരം നൽകാമെന്ന് ധനമന്ത്രി ഡോ. തോമസ് ഐസക്ക് അറിയിച്ചിട്ടുണ്ട്.

ബഹുമുഖ പ്രതിഭയാണ് ഹരിവരാസനം അവാർഡ് ജേതാവായ ഗംഗൈ അമരൻ. സിനിമയുടെ വിവിധ മേഖലകളിൽ അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചു. സംഗീതത്തെയും അയ്യപ്പനെയും സ്നേഹിക്കുന്ന ലക്ഷക്കണക്കിന് ഭക്തരെ സംബന്ധിച്ച് ഏറ്റവും സന്തോഷകരമായ നിമിഷമാണ് ഗംഗൈഅമരന് പുരസ്കാരം നൽകാനുള്ള തീരുമാനം.

ഇത്തവണത്തെ ശബരിമല തീർത്ഥാടനം ഏറെ ചിട്ടയോടെ സംഘടിപ്പിക്കാനായി. ഭക്തരുടെ അച്ചടക്കവും ഭയഭക്തിയും ഇതിന് സഹായിച്ചു. വിവിധ വകുപ്പുകൾ ഏകോപനത്തോടെ പ്രവർത്തിക്കുകയും ചെയ്തു. പോലീസിന്റെയും ആരോഗ്യവകുപ്പിന്റെയും പ്രവർത്തനം അഭിനന്ദനീയമാണ്. പ്ലാസ്റ്റിക്കിന് നിയന്ത്രണം ഏർപ്പെടുത്തിയ സാഹചര്യത്തിൽ വാട്ടർ അതോറിറ്റിയും ദേവസ്വം ബോർഡും വിവിധ സംഘടനകളും തീർത്ഥാടകർക്ക് ആവശ്യമായ കുടിവെള്ളം നൽകാൻ മികച്ച പ്രവർത്തനം നടത്തി. ജില്ലാ കളക്ടർ ഇതിന്റെ ഏകോപനം ഭംഗിയായി നിർവഹിച്ചതായും മന്ത്രി പറഞ്ഞു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 14 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 2


ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok


### വകുപ്പുകളുടെ പ്രവർത്തനം മികച്ച രീതിയിൽ ഏകോപിപ്പിക്കാനായി: മന്ത്രി കടകംപള്ളി സുരേന്ദ്രൻ

രണ്ടു ദശാബ്ദ കാലത്തിനിടയിൽ നടന്ന ഏറ്റവും കൃത്യതയാർന്നതും തൃപ്തികരവുമായ മണ്ഡല മകരവിളക്ക് മഹോത്സവമാണിത്തവണത്തേതെന്ന് ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ പറഞ്ഞു. മകരസംക്രമ പൂജയ്ക്ക് ശേഷം സന്നിധാനത്ത് മാധ്യമ പ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം.

സർക്കാർ വകുപ്പുകളുടെ പ്രവർത്തനം മികച്ച രീതിയിൽ ഏകോപിപ്പിക്കാൻ കഴിഞ്ഞത് ഇത്തവണത്തെ ഏറ്റവും വലിയ നേട്ടമായെന്ന് അദ്ദേഹം പറഞ്ഞു. അന്നദാനം വിപുലമായ രീതിയിൽ നടത്താനായി. മകരവിളക്ക് കഴിഞ്ഞാലുടൻ ശുചീകരണ പ്രവർത്തനങ്ങളും ക്ഷേത്രത്തിന്റെ മറ്റു വികസന പ്രവർത്തനങ്ങളും ആരംഭിക്കും. കേന്ദ്രസർക്കാരിൽ നിന്ന് വനഭൂമി വിട്ടുകിട്ടാനായി പരമാവധി സമ്മർദ്ദം ചെലുത്തുമെന്നും മന്ത്രി പറഞ്ഞു.


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 14 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 3

ഫോൺ : 04735–202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

### തിരുവാഭരണം ശരംകുത്തിയിൽ സ്വീകരിക്കും

തിരുവാഭരണ ഘോഷയാത്രയെ ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ ആർ. രവിശങ്കർ, പോലീസ് സ്പെഷ്യൽ ഓഫീസർ എസ്. സുരേന്ദ്രൻ എന്നിവരുടെ നേതൃത്വത്തിൽ വിവിധ വകുപ്പ്തല ഉദ്യോഗസ്ഥർ ശരംകുത്തിയിൽ സ്വീകരിക്കും.

### തിരുവാഭരണം കൊടിമരച്ചുവട്ടിൽ സ്വീകരിക്കും

ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ, ദേവസ്വം പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, അംഗങ്ങളായ അജയ് തറയിൽ, കെ. രാഘവൻ, രാജു എബ്രഹാം എം. എൽ. എ തുടങ്ങി ഉന്നത ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കൊടിമരച്ചുവട്ടിൽ തിരുവാഭരണം സ്വീകരിക്കും.



# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി 14 | 2017 |
|---|---|



## ശബരിമല പത്രക്കുറിപ്പ് 4

ഫോൺ : 04735-202664
www.prd.kerala.gov.in, prdsannidanam2017@gmail.com
Facebook Page: Sabarimalamediacentreiprdgok

### മകരജ്യോതി ദർശന പുണ്യവുമായി ഭക്തർ മലയിറങ്ങി

മകരസന്ധ്യാ ദീപാരാധനവേളയിൽ മകര നക്ഷത്രം ഉദിച്ചുയർന്നതിനു പിന്നാലെ പൊന്നമ്പല മേട്ടിൽ മകരജ്യോതി തെളിഞ്ഞപ്പോൾ ശബരിമലയിൽ ഭക്തലക്ഷങ്ങൾ ആനന്ദലഹരിയിൽ ആറാടി. വൈകിട്ട് കൃത്യം 6.44 ന് മകരജ്യോതി തെളിഞ്ഞു. തുടർന്ന് രണ്ടു തവണ കൂടി ജ്യോതി ദർശനമുണ്ടായി. ഇതോടെ ശബരിമല ശരണം വിളികളാൽ മുഖരിതമായി. പരമാനന്ദലഹരിയിൽ തീർത്ഥാടകർ നിറഭക്തിയോടെ തൊഴുതു വണങ്ങി. സന്നിധാനത്തെ ആഴിയിലെ തീനാളങ്ങൾ സായംസന്ധ്യയിൽ അലിഞ്ഞു ചേർന്ന് സമദർശനത്തിന്റെ പ്രഭ തീർത്തു. തിരുവാഭരണം ചാർത്തിയ അയ്യപ്പ വിഗ്രഹവും മകരജ്യോതിയും കണ്ട നിർവൃതിയിലാണ് ഭക്തലക്ഷങ്ങൾ മലയിറങ്ങിയത്.

മകരജ്യോതി കണ്ട് തൊഴുന്നതിന് ലക്ഷങ്ങളാണ് സന്നിധാനത്തെത്തിയത്. രണ്ടു ദിവസമായി സന്നിധാനത്ത് പർണ്ണശാലകെട്ടി തീർത്ഥാടകർ കഴിയുകയായിരുന്നു. ഇന്നലെ രാവിലെ ഏഴിന് തന്ത്രി കണ്ഠരര് രാജീവര്, മേൽശാന്തി എൻ. ഉണ്ണികൃഷ്ണൻ നമ്പൂതിരി എന്നിവരുടെ നേതൃത്വത്തിൽ മകര സംക്രമ പൂജ നടന്നു. വൈകിട്ട് ശരംകുത്തിയിലെത്തിയ തിരുവാഭരണം ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ ആർ. രവിശങ്കർ, പോലീസ് സ്പെഷ്യൽ ഓഫീസർ എസ്. സുരേന്ദ്രൻ, ദേവസ്വം ഉൾപ്പടെയുള്ള വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ സ്വീകരിച്ച് സന്നിധാനത്തേക്ക് ആനയിച്ചു. നാഗസ്വരം, പഞ്ചവാദ്യം, തകിൽ, ചെണ്ടമേളം, കർപ്പൂരാഴി എന്നിവയുടെ അകമ്പടിയോടെയാണ് സ്വീകരിച്ചത്. ദേവസ്വം മന്ത്രി കടകംപള്ളി സുരേന്ദ്രൻ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പ്രയാർ ഗോപാലകൃഷ്ണൻ, അംഗങ്ങളായ അജയ് തറയിൽ, കെ. രാഘവൻ, ജസ്റ്റിസ് അരിജിത് പസായത്ത്, ശബരിമലയ സ്പെഷ്യൽ കമ്മീഷണർ സി. പി. രാമരാജ പ്രേമപ്രസാദ്, ദേവസ്വം വകുപ്പ് സെക്രട്ടറി കെ. ആർ. ജ്യോതിലാൽ, പോലീസ് മേധാവികൾ, ജില്ലാ കളക്ടർ ആർ. ഗിരിജ, ദേവസ്വം ബോർഡിലെ ഉന്നത ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ കൊടിമരച്ചുവട്ടിൽ തിരുവാഭരണത്തെ സ്വീകരിച്ചു.

ശ്രീകോവിലിലേക്ക് ആചാരപൂർവം എത്തിച്ച തിരുവാഭരണം തന്ത്രിയും മേൽശാന്തിയും ചേർന്ന് ഏറ്റുവാങ്ങി. തുടർന്ന് തിരുവാഭരണം ചാർത്തി ദീപാരാധന നടന്നു. മറ്റു രണ്ടു പേടകങ്ങൾ മാളികപ്പുറത്തേക്ക് കൊണ്ടുപോയി. ഒന്നിൽ സ്വർണക്കൊടിയും മറ്റേതിൽ തങ്കക്കുടവുമാണ് ഉണ്ടായിരുന്നത്. ജനുവരി 12നാണ് പന്തളം വലിയകോയിക്കൽ ക്ഷേത്രത്തിൽ നിന്ന് തിരുവാഭരണ ഘോഷയാത്ര പുറപ്പെട്ടത്. മകരസംക്രമ സന്ധ്യയിൽ അയ്യപ്പവിഗ്രഹത്തിൽ ചാർത്തുന്നതിനുള്ള ആഭരണങ്ങളും ചമയങ്ങളുമായി പിതാവ് മകനെ കാണാൻ പോകുന്നുവെന്ന സങ്കൽപ്പത്തിലാണ് തിരുവാഭരണ ഘോഷയാത്ര എത്തുന്നത്.  ദീപാരാധന തൊഴാൻ നടൻമാരായ ജയറാം, വിവേക് ഒബ്റോയ് എന്നിവരുണ്ടായിരുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.